ശ്രീ. എം. എം. തോമസ് : ശ്രീ. സുധാകരൻ ഹാജരാക്കിയ എസ്.പീരിയൻസ് സർട്ടിഫിക്കറ്റ് കൊടുത്തത് ഏത് ഓഫീസറാണെന്നറിയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അതിനെ സംബന്ധിച്ചുള്ള വിവരം ഇപ്പോഴും എന്റെ കൈവശമില്ല.

ശ്രീ. ഒ. കോരൻ : പി. എസ്. സി. 21 പേരെ മുൻസിഫ് പോസ്റ്റിലേക്ക് സെലക്ട് ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. അതിൽ എത്ര ഹരിജനങ്ങളുണ്ടെന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. ഇ. അഹമ്മദ് : ശ്രീ. സുധാകരൻ സമർപ്പിച്ച സർട്ടിഫിക്കറ്റ് ശരിയായിട്ടുള്ളതല്ലെങ്കിൽ, ആ സർട്ടിഫിക്കറ്റ് കൊടുത്ത ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അതിനെക്കുറിച്ച് ആദ്യത്തെ തീരുമാനം എടുത്തതിനു ശേഷം തീരുമാനിക്കാവുന്നതാണ്.

ശ്രീ. എം. എം. തോമസ് : ഈ പറയുന്ന ശ്രീ. സുധാകരൻ പി. എസ്. സി. മെമ്പറന്മാരിൽ ആരുടെയെങ്കിലും സ്വന്തക്കാരനാണോ ?

മി. സ്പീക്കർ : ആ ചോദ്യത്തിനുത്തരം പറയേണ്ടതില്ല.

(ii) Short Notice Question & Answer

അഞ്ചൽ കോളേജ് സംഭവം

* 177. [1] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചൽ കോളേജ് സംഭവത്തോടനുബന്ധിച്ച് എത്ര കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) അതിൽ ആകെ എത്രപേർ പ്രതികളായിട്ടുണ്ട് ;

(സി) ഈ സംഭവത്തോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ പേരിൽ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെന്റിനു അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ) :

(എ) നാല് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ബി) 63 വിദ്യാർത്ഥികളും ഉൾപ്പെടെ ആകെ 150 പേർ പ്രതികളായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കേസുകൾ പിൻവലിക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 150 പ്രതികളുള്ളതിൽ ഗണ്യമായ ഭാഗവും വിദ്യാർത്ഥികളായതുകൊണ്ടും, അവർക്ക് കേസ് നടത്താൻ ബുദ്ധിമുട്ടുള്ളതുകൊണ്ടും കേസുകൾ പിൻവലിക്കുന്നതിനുള്ള ഗവണ്മെന്റിന്റെ പരിഗണന കഴിയുന്നത്ര വേഗത്തിലാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ : കഴിയുന്നത്ര വേഗം ആകാം.

ശ്രീ. ടി. എ. മജീദ് : കേസുകൾ പിൻവലിക്കണമെന്നുള്ള അഭ്യർത്ഥന വിദ്യാർത്ഥികളിൽനിന്നും ലഭിച്ചിട്ട് എത്രകാലമായിയെന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : 1–7–69 ലാണു ലഭിച്ചിട്ടുള്ളത്.

ടി. ടി. സി. കോഴ്സ്

* 178. [632] ശ്രീ. വി. വി. കുഞ്ഞാമു
,, എം കെ. കേളു
,, സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. ടി. സി. കോഴ്സിന്റെ സീറ്റു കുറയ്ക്കുന്നതിനുള്ള എന്തെങ്കിലും നടപടി ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്നു വിശദീകരിക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) :

(എ) ഉണ്ടു.

(ബി) സംസ്ഥാനത്തു ടി.ടി.സി. പാസായ ആളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടു. പാസായതിൽ തൊഴിലില്ലാത്ത ആളുകൾ ഏഴായിരത്തിയഞ്ഞൂറോളം ഉണ്ടെന്നു കണക്കാക്കിയിട്ടുണ്ടു. ടി.ടി.സി. പാസായവരെ പ്രൈമറി സ്കൂളിലെ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കു ക്രമീകരിക്കുന്നതിനു ഓരോ യൂണിറ്റിലേയും എണ്ണം മുപ്പതിൽനിന്നു ഇരുപതാക്കി കുറയ്ക്കുകയും ബാക്കിയുള്ളതിന്റെ അംഗീകാരം പിൻവലിക്കുകയും ചെയ്തിട്ടുണ്ടു.

ശ്രീ. വി. വി. കുഞ്ഞാമു : ടി. ടി. സി. കോഴ്സിനു സീറ്റു കിട്ടണമെങ്കിൽ ഹിന്ദിക്കു മുപ്പത്തിയഞ്ചു മാർക്കും, ഇംഗ്ലീഷിനു നാല്പതും, നാല്പതിൽ കൂടുതലും മാർക്കും വേണമെന്നു തിട്ടപ്പെടുത്തിയിട്ടുണ്ടു. ഇംഗ്ലീഷിനു ഇത്രയധികം പ്രാധാന്യം കൊടുക്കുന്നതു എന്തിനാണു ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇപ്പോൾ അങ്ങനെ നിർബന്ധിക്കുന്നുണ്ടു. കാരണം ഇംഗ്ലീഷ് ചെറിയ ക്ലാസ്സുമുതലേ പഠിപ്പിക്കുന്നുണ്ടു. അതു മാറിയാൽ മാർക്കിനെ സംബന്ധിച്ചുള്ള നിബന്ധനയും മാറും.

ശ്രീ. എം. കെ. കേളു : ടി. ടി. സി. സ്കൂളുള്ള സീറ്റുകൾ കുറച്ചതിന്റെ ഫലമായി ഇന്നു പ്രൈവറ്റു സ്കൂളുകളിൽ മുമ്പു കൊടുത്തുകൊണ്ടിരുന്നതിനെക്കാൾ കൂടുതൽ സംഖ്യ പ്രതിഫലമായി കൊടുക്കേണ്ടിവരുന്നുവെന്നറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അക്കാര്യം ഗവണ്മെന്റു ഔദ്യോഗികമായി അറിഞ്ഞിട്ടില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : ഈ വർഷത്തേക്കുള്ള ടി. ടി. സി. സെലക്ഷൻ പൂർത്തിയായി കഴിഞ്ഞുവോ, ഇല്ലെങ്കിൽ കാരണമെന്താണു ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇക്കൊല്ലത്തേക്കുള്ള സെലക്ഷൻ പൂർത്തീകരിച്ചു കഴിഞ്ഞിട്ടില്ല. അതിനെ സംബന്ധിച്ചുള്ള ഡീറ്റെയിൽസ് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു) : ടി. ടി. സി. കോഴ്സു പാസായ ഏഴായിരത്തിയഞ്ഞൂറു പേർക്കു ഉദ്യോഗം ലഭിക്കാതെയുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇവർക്കു എത്ര കൊല്ലത്തിനകം ഉദ്യോഗം കൊടുക്കാൻ സാധിക്കുമെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly